**സ്വാമി ശരണം**

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം – 695 003.

**ശബരിമല ദേവസ്വത്തിലെ 1201–ാമാണ്ടത്തെ (2025 – 2026) അടിയന്തിരങ്ങളോടനുബന്ധിച്ച് വഴിപാട് പാകം ചെയ്യുന്നതിന് ആൾ ഏർപ്പെടുത്തുന്നതിനുമുള്ള ടെന്റർ സംബന്ധിച്ച പൊതു നിബന്ധനകൾ / സ്പെഷ്യൽ നിബന്ധനകൾ :**

ശബരിമല ദേവസ്വത്തിലെ 1201–ാമാണ്ടത്തെ (2025 – 2026) മണ്ഡലം – മകരവിളക്ക്, മേടവിഷു, മറ്റ് അടിയന്തിരങ്ങളോടുനബന്ധിച്ച് വിശദപരസ്യത്തിൽ പറയുന്ന ഐറ്റങ്ങൾക്ക് ടെന്റർ ക്ഷണിച്ച് ആൾ ഏർപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച് ശബരിമല ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസ്, ദേവസ്വം കമ്മീഷണർ ഓഫീസ് എന്നിവിടങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വിശദപരസ്യത്തിലെ വ്യവസ്ഥകൾക്കും ചുവടെ ചേർത്തിട്ടുള്ളപൊതു നിബന്ധനകൾക്കും, സ്പെഷ്യൽ നിബന്ധനകൾക്കും വിധേയമായാണ് ടെന്ററുകൾ സമർപ്പിക്കേണ്ടത്.

## പൊതു നിബന്ധനകൾ

1. ടെന്റർ നിബന്ധനകൾക്കൊപ്പം ടെന്റർ ചെയ്യുന്ന ഇനങ്ങളുടെ വിശദ വിവരം കാണിക്കുന്ന ഷെഡ്യൂൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ www.travancoredevaswomboard.org എന്ന വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. ആയത് പരിശോധിച്ചശേഷം ടെന്ററിൽ പങ്കെടുക്കുന്നവർ https:/etenders.kerala.gov.in എന്ന ടെന്റർ സൈറ്റ് മുഖാന്തിരം രജിസ്റ്റർ ചെയ്യേണ്ടതാണ്. തുടർന്ന് ബന്ധപ്പെട്ട ഇ–ടോക്കൺ ഉപയോഗിച്ച് ഡിബിറ്റൽ സിഗ്നേച്ചർ നടത്തേണ്ടതുമാണ്. ഇ–ടോക്കണുകൾ SIFY/TCS/ncode തുടങ്ങിയ കേന്ദ്രങ്ങളിൽനിന്നും ലഭ്യമാക്കേണ്ടതാണ്. ടെന്ററുകൾ ശ്രദ്ധാപൂർവ്വം ക്വോട്ട് ചെയ്യണ്ടതുക നിയമാനുസൃതം ക്വോട്ട് ചെയ്ത് ഓൺലൈനായി അയക്കേണ്ടതും, തുക രേഖപ്പെടുത്താത്ത സാഹചര്യം ഉണ്ടായാൽ ആയതിന് ഡിപ്പാർട്ട്മെന്റ് ഉത്തരവാദിആയിരിക്കുന്നതല്ല. ടെന്റർ സമർപ്പിക്കുന്നവരുടെ ഐഡി പ്രൂഫിന്റെ (**ആധാർ, പാൻ കാർഡ് എന്നിവയുടെ** സ്കാൻഡ് കോപ്പി മൊബൈൽ നമ്പർ ഉൾപ്പെടെ ചേർത്തിരിക്കണം) .ടെന്ററിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾ/ വ്യക്തികൾക്ക് ജി.എസ്.ററി രജിസ്ട്രേഷൻ എന്നിവ ഉണ്ടായിരിക്കേതാണ്.ആയതിന്റെ പകർപ്പ് ടെന്ററിനോടൊപ്പം സമർപ്പിക്കേതാണ്. **അപ്പം നിർമ്മാണം, മോദകം, അവൽ,വെള്ളനിവേദ്യം, ശർക്കരപ്പായസം പാകം ചെയ്യുന്നതിനുള്ള അവകാശം ടെന്ററിൽ പങ്കെടുക്കുന്ന കരാറുകാർ പോലീസ് ക്ളിയറൻസ് സർട്ടിഫിക്കററ്, എക്സ്പീരിയൻസ് തെളിയിക്കുന്നുന്നതിനുള്ള രേഖ എന്നിവ ടെന്ററിനോടൊപ്പം ഹാജരാക്കേതാണ്.** മുൻ കുടിശ്ശികക്കാരും ബ്ലാക്ക് ലിസ്റ്റ് ചെയ്തവരും യാതൊരു കാരണവശാലും ടെന്ററിലോ ലേലത്തിലോ പങ്കെടുക്കേതില്ല.

ടെന്ററിൽ പങ്കെടുക്കുന്നവർ 500/– രൂപ (അഞ്ഞൂറ്) രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടയ്ക്കേണ്ടതാണ് ടി. തുക തിരികെ ലഭിക്കുന്നതല്ല. ഓരോ ഐറ്റത്തിനും നേരെ അതത് ഐറ്റത്തിന് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ടി. തുക കാലാവധിക്കുശേഷം മറ്റാ

ക്ഷേപം / ബാധ്യത ഇല്ലെങ്കിൽ മാത്രം തിരിച്ചുനൽകുകയുള്ളു. നിരതദ്രവ്യം കുത്തക ഏറ്റെടുക്കാനുദ്ദേശിക്കുന്ന ആളിന്റെ അക്കൗണ്ടിൽ നിന്നും ഓൺലൈനായി സമർപ്പി ക്കേണ്ടതാണ്. ഓരോ ഇനത്തിന്റെയും ടെന്ററുകൾ പരിശോധിച്ച് ആരുടെയെങ്കിലും പേരിൽ ടെന്റർ സ്ഥിരപ്പെടുത്തുന്ന പക്ഷം മറ്റുള്ളവരുടെ നിരതദ്രവ്യ ഓൺലൈനായി തന്നെ അവരുടെ അക്കൗണ്ടിൽ തിരികെ ലഭിക്കുന്നതാണ്.

2. **ടെന്റർ സമർപ്പിക്കേണ്ട അവസാന തീയതി 09/06/2025 ,പകൽ11മണി**ടെന്ററുകൾ **10/06/2025 തീയതി പകൽ 11മണി മുതൽ** അപ്പോൾ ഹാജരുള്ളവരുടെ സാന്നിദ്ധ്യ ത്തിൽ തിരുവനന്തപുരത്ത് നന്തൻകോട്ടുള്ള ദേവസ്വം കമ്മീഷണർ ഓഫീസിൽവച്ച് പൊട്ടിച്ച് പരിശോധിക്കുന്നതാണ്.

3 . നിശ്ചിത നിരതദ്രവ്യം ഹാജരാക്കത്തവരുടെ ടെന്ററുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

4 . ടെന്ററിൽ രേഖപ്പെടുത്തുന്ന നിരക്കുകൾ എല്ലാതരം നികുതികളും ജി.എസ്.ടി.യും ഉൾപ്പെടെയുള്ളതായിരിക്കണം6.

5 . ടെന്റർ നിരക്കുകൾ അടിയന്തിരങ്ങളുടെ കാലയളവ് മുഴുവൻ ബാധകമായിരിക്കുന്നതാ ണ്.

6 . ഏതെങ്കിലും ഐറ്റം പരസ്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ കൂടുതൽ അളവ് ആവശ്യമെന്ന് കണ്ടാൽ ആയത് അറിയിക്കുന്നതനുസരിച്ച് ടെന്റർ നിരക്കിൽ സപ്ലെ ചെയ്യാൻ ടെന്ററുകാരൻ ബാദ്ധ്യസ്ഥനാണ്.

7. ടെന്റർ അംഗീകരിച്ചതുസംബന്ധിച്ച് അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം ശബരിമല ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസറുമായി ഉടമ്പടി വയ്ക്കേണ്ടതാണ്. ബാങ്ക് ഗ്യാരന്റി യുടെ കാലാവധി കുത്തക കാലയളവ് പൂർത്തിയാക്കുന്ന ഒരു വർഷം വരെ ആയിരിക്ക ണം. അറിയിപ്പുകിട്ടി 7 ദിവസത്തിനകം ഉടമ്പടി വയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം നിരതദ്രവ്യം മുതൽകൂട്ടി തൊട്ടടുത്ത റേറ്റ് ക്വാട്ട് ചെയ്തിട്ടുള്ള ടെന്ററുകാരനെ ക്ഷണിക്കുന്നതിനോ, മറ്റ് ഏർപ്പാടുകൾ ചെയ്യുന്നതിനോ ദേവസ്വം ബോർഡിന് അധികാ രവും അവകാശവും ഉണ്ടായിരിക്കുന്നതും അതിൽവച്ച് ഉണ്ടാകുന്ന എല്ലാകഷ്ടനഷ്ങ്ങൾക്കുംവീഴ്ചവരുത്തിയ ടെന്ററുകാരൻ മാത്രംപരിപൂർണ്ണ ഉത്തരവാ ദിയായിരിക്കുന്നതുമാണ്.

8. സ്പെഷ്യൽ നിബന്ധനകളിലെ പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്ന സെക്യൂരിറ്റി തുക ക്യാഷ് ആയോ ബാങ്ക് ഗ്യാരണ്ടിയോ ആയി കുത്തകയുടെ സുഗമമായ നടത്തിപ്പിന് വേണ്ടി ടെന്ററുകാരൻ സെക്യൂരിറ്റിയായി ഹാജരാക്കേണ്ടതാണ്..

9.ടെന്റർ സ്വീകരിക്കുന്നതിനും, യാതൊരു കാരണവും പറയാതെ നിരസിക്കുന്നതിനും ദേവസ്വം ബോർഡിന് പരിപൂർണ്ണ അധികാര അവകാശമുണ്ടായിരിക്കുന്നതാണ്.

10. കുത്തകക്കാർക്ക് / ടെന്ററുകാർക്ക് ദേവസ്വം ബോർഡിന്റെ രേഖാമൂലമായ അനുവാദം കൂടാതെ കുത്തകയുടെ അവകാശം കൈമാറുന്നതിനോ കീഴ്കുത്തക കൊടുക്കുന്ന തിനോ അധികാരവും അവകാശവും ഇല്ലാത്തതാകുന്നു.

11. കുത്തക / ടെന്റർ എടുക്കുന്ന ആൾക്ക ശബരിമലയിലോ മറ്റ് പ്രധാന ക്ഷേത്രങ്ങളിലോ കുത്തക ഏറ്റെടുത്ത് നടത്തി കുറഞ്ഞത് ഒരു വർഷമെങ്കിലും മുൻ പരിചയം ഉണ്ടായിരിക്കേണ്ടതും ആയത് തെളിയിക്കുന്ന രേഖകൾ ടെൻഡെറിനോടൊപ്പം ഹാജരാക്കേണ്ടതാണ്.

16. കുത്തക / ടെന്റർ സംബന്ധിച്ചുള്ള വ്യവഹാരങ്ങൾ പത്തനംതിട്ട കോടതിയുടെ അധി കാര പരിധിക്കുള്ളിലായിരിക്കും.

17.പ്രസ്തുത കുത്തകകളുടെ സുഗമമായ നടത്തിപ്പിന് സെക്യൂരിറ്റിയായി ഹാജരാക്കുന്ന തുക, കുത്തക പൂർണ്ണമായും തൃപ്തികരമായി നിറവേറ്റി ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നമുറയ്ക്ക് പലിശ കൂടാതെ തിരികെ നൽകുന്നതും, ഏതെങ്കിലും തര ത്തിൽ കരാറുകാരന്റെ വീഴചയിൽ ഡിപ്പാർട്ടുമെന്റിനു സാമ്പത്തിക നഷ്ടം സംഭവി ച്ചാൽ നിരതദ്രവ്യവും, സെക്യൂരിറ്റി തുകയും ഡിപ്പാർട്ടുമെന്റിലേക്ക് മുതൽ കൂട്ടുന്ന തുമാണ്. പ്രസ്തുത തുക അപര്യാപ്തമാകുന്നപക്ഷം ബാക്കി തുക കരാറുകാരനുള്ള പേമെന്റിൽനിന്നും ഈടാക്കുന്നതായിക്കും.അപ്രകാരം കഴിയാതെ വന്നാൽ സിവിലാ യോ, ക്രിമിനലായോ കേസ് ഫയൽ ചെയ്തോ മറ്റു നടപടി ക്രമത്തിലൂടെയോ കരാറു കരനിൽ നിന്നും നിയമാനുസരണം നഷ്ടം ഈടാക്കുന്നതിന് ഡിപ്പാർട്ട്മെന്റിന് അധി കാരം ഉണ്ടായിരിക്കുന്നതാണ്.

18. **വഴിപാട് പ്രസാദ നിർമ്മാണത്തിന് കോൺട്രാക്ട് ഏറ്റെടുക്കുന്ന കുത്തകക്കാരൻ നിയോഗിക്കുന്ന തൊഴിലാളികളുടെ പ്രായം 65 വയസ്സിൽ കൂടാൻ പാടില്ലാത്തതാണ്,** ടി **തൊഴിലാളികൾ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്, ഹെൽത്ത് കാർഡ് എന്നിവ നിർബന്ധമായും കൈവശം സൂക്ഷിച്ചിരിക്കേണ്ടതാണ്.**

19. വഴിപാട് പ്രസാദ നിർമ്മാണത്തിന് ടെന്റർ സമർപ്പിക്കുന്നവർ കൂട്ട് ഒന്നിന് എന്ന ക്രമം വേണം തുക ക്വാട്ട് ചെയ്യേണ്ടത്.

20. ഉച്ചഭാഷിണി കുത്തക / ടെന്റർ എടുക്കുന്ന ആൾക്ക് പ്രസ്തുത തൊഴിലിൽ മുൻപരി ചയം ഉണ്ടായിരിക്കേണ്ടതാണ്..

21. ടെന്ററുകാരന് പ്രാപ്തിയില്ലായെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം പ്രസ്തുത ടെന്റർ നിരസിക്കുന്നതിന് ഡിപ്പാർട്ട്മെന്റിന് അധികാരം ഉായിരിക്കുന്നതാണ്.

## സ്പെഷ്യൽ നിബന്ധനകൾ

### 1. ശബരിമല ദേവസ്വത്തിലെ അപ്പം നിർമ്മാണം

10–11–2025 മുതൽ 31–10–2026 വരെയുള്ള കാലയളവിൽ ശബരിമല ദേവസ്വത്തിലെ പ്രസാദമായ ഉണ്ണിയപ്പം തയ്യാറാക്കി 7 എണ്ണം വീതമുള്ള പായ്ക്കറ്റുകളിലാക്കി ഏൽപ്പിക്കു ന്നതിനുള്ള അവകാശം. :

1. 10–11–2025 മുതൽ 31–10–2026 വരെയുള്ള കാലയളവിൽ ശബരിമല ദേവസ്വത്തിലെ മണ്ഡലം – മകരവിളക്ക്, മേടവിഷു, മാസപൂജ വിശേഷാൽ പൂജകൾഎന്നിവയോടനുബന്ധിച്ച് നട തുറക്കുന്ന എല്ലാ അവസരങ്ങളിലും വഴിപാട് പ്രസാദമായ ഉണ്ണിയപ്പം തയ്യാറാക്കി 7 എണ്ണം വീതമുള്ള പായ്ക്കറ്റുകളിലാക്കി ചുമതലക്കാരനെഏൽപ്പിക്കേണ്ടതുമാണ്.

2. ഒരു കൂട്ട് അപ്പത്തിന് 70 കിലോഗ്രാം അരിപ്പൊടി, 30 കിലോഗ്രാം ശർക്കര, 1 കിലോഗ്രാം ചുക്കുപൊടി, 500 ഗ്രാം ജീരകപ്പൊടി, 11 ലിറ്റർ നെയ്യ്, 10 എണ്ണം കദളിപ്പഴം, 10 എണ്ണം പൂവൻപഴം എന്നീ കണക്കിൽ സാധനങ്ങൾ ചേർത്ത് ആവശ്യാനുസരണം ആൾക്കാരെ നിയോഗിച്ച് അപ്പം തയ്യാറാക്കുകയും ആയത് തണുത്തശേഷം ബട്ടർ പേപ്പർ കവറിൽ പായ്ക്ക് ചെയ്തു നൽകേണ്ടതാണ്.

3. മണ്ഡലം – മകരവിളക്ക് കാലയളവിൽ അപ്പം തയ്യാറാക്കുന്നതിന് 48 ഇലക്ട്രിക് അടുപ്പുകളും, 96 തെർമിക് ഫ്ളൂയിഡ് അടുപ്പുകളും 55 ഗ്യാസ് അടപ്പുകളും, ആയത് പ്രവർത്തിക്കുന്നതിനുള്ള ഇന്ധനവും ഡിപ്പാർട്ട്മെന്റ് നൽകുന്നതാണ്. കുംഭം, തുലാം ഒഴികെയുള്ള മാസപൂജ വേളകളിൽ ദേവസ്വം ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾക്കു വിധേയമായി 40 തെർമിക് ഫ്ളൂയിഡ് അടുപ്പുകളും, തുലാം, കുംഭം മാസങ്ങളിൽ 60 തെർമിക് ഫ്ളൂയിഡ് അടുപ്പുകളും, വിഷുവിന് 80 തെർമിക് ഫ്ളൂയിഡ് അടുപ്പുകളും നൽകുന്നതാണ്.

4. മണ്ഡലം – മകരവിളക്ക് കാലയളവിൽ ഇലക്ട്രിക്, തെർമിക് ഫ്ളൂയിഡ്, ഗ്യാസ് കാരകളിലേക്ക് പ്രത്യേകം പ്രത്യേകം റേറ്റ് ക്വാട്ടുചെയ്ത ടെന്ററുകളും മേട വിഷു, മാസപൂജ, ഉത്സവം തുടങ്ങി മറ്റ് നട തുറന്നിരിക്കുന്ന ദിവസങ്ങളിലേക്ക് പ്രത്യേകം റേറ്റ ക്വാട്ടുചെയ്ത ടെന്ററും സമർപ്പിക്കേണ്ടതാണ്. വ്യത്യസ്ത ഇനങ്ങളുടെ ഇ.എം.ഡി. സെക്യൂരിറ്റി തുക സംബന്ധിച്ചുള്ള വിശദ വിവരം ഇതോടൊപ്പം ചേർത്തിട്ടുള്ളതാണ്.

5. അപ്പം തയ്യാറാക്കുന്നതിന് ഏറ്റുവാങ്ങുന്ന ചേരുവകൾ പൂർണ്ണമായും ആയതിന് ഉപയോഗിക്കുന്നുണ്ടെന്നും, പായ്ക്കിംഗിനായി ഏറ്റുവാങ്ങുന്ന ബട്ടർപേപ്പർ ബാഗുകൾ നഷ്ടപ്പെടാതെയും, ദുരുപയോഗം ചെയ്യാതെയും, പായ്ക്കിംഗ് വേളകളിൽ പൊട്ടിപോകാതെയും കൈകാര്യം ചെയ്യേണ്ടുന്ന ബാദ്ധ്യത കാരാറുകാരനുള്ളതാണ്. ഇക്കാര്യത്തൽ എന്തെങ്കിലും വീഴ്ച സംഭവിച്ച് ബോർഡിന് നഷ്ടമുണ്ടായാൽ ആയതിന്റെ ബാദ്ധ്യത കുത്തകക്കാരനായിരിക്കും.

6. അപ്പം തയ്യാറാക്കുന്നതിന് ആവശ്യമായ ടി. ചേരുവകകളും, പായ്ക്കിംഗിന് ആവശ്യമായ ബട്ടർ പേപ്പർ ബാഗുകളും ഡിപ്പാർട്ടുമെന്റിൽനിന്നും യഥാസ്ഥാനങ്ങളിൽ എത്തിക്കുന്നതും, ആയത് കോൺട്രാക്ടറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന വ്യക്തിയോ രേഖാമൂലം ഏറ്റുവാങ്ങി ഉപയോഗിക്കേണ്ടതുമാണ്. എന്നാൽ എക്സിക്യൂട്ടീവ് ഓഫീസർ നിർദ്ദേശിക്കുന്ന വേളകളിൽ ചേരുവകളും ബട്ടർ പേപ്പർ ബാഗുകളും എത്തിക്കുന്നതിന് ബോർഡിന്റെ ട്രാക്ടറിലേക്ക് കയറ്റി ഇറക്കു ജോലികൾക്കും മില്ലിൽ നിന്നും അപ്പം നിർമ്മാണ യൂണിറ്റിലേക്ക് ചുമന്ന് കൊണ്ടുപോകുന്നതിനും മറ്റും കരാർ ഏറ്റെടുത്തിരിക്കുന്ന വ്യക്തി തന്നെ ആൾക്കാരെ നിയോഗിക്കേണ്ടതാണ്.

7. ശബരിമല ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസറോ, ടിയാൻ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ നിർദ്ദേശിക്കുന്നതിനനുസരിച്ച് മുൻകൂട്ടി ശബരിമലയിലെത്തി അവിടെ സജ്ജീകരിച്ചിട്ടുള്ള ഇലക്ട്രിക് / തെർമിക് ഫ്ളൂയിഡ് / ഗ്യാസ് അടുപ്പുകളിൽ, മേൽ പ്രതിപാദിച്ച ചേരുവകൾ ചേർത്ത് ഒരു കൂട്ടിന് 5922 അപ്പം ലഭിക്കത്തക്കവിധം വലിപ്പത്തിൽ അപ്പം തയ്യാറാക്കേണ്ടതും, 7 എണ്ണം വീതം ഓരോ കവറിൽ നിറച്ച് 846

പായ്ക്കറ്റ് അപ്പം എന്ന ക്രമത്തിൽ വിതരണത്തിനു സജ്ജമാക്കി സ്പെഷ്യലാഫീസറെ ഏൽപ്പിക്കേണ്ടതുമാണ്. 5922 എണ്ണത്തിൽ കൂടുതലായി ലഭിക്കുന്ന അപ്പവും സ്പെഷ്യ ലാഫീസറെ ഏൽപിക്കേണ്ടതാണ്.

8. കരാർ ഏറ്റെടുക്കുന്ന ആളോ, ടിയാൻ എക്സിക്യൂട്ടീവ് ഓഫീസറുടെ അനുവാദ ത്തോടെ ചുമതലപ്പെടുത്തുന്ന ആളോ അപ്പം തയ്യാറാക്കുന്ന അവസരങ്ങളിൽ ശബരിമ ലയിൽ സന്നിഹിതനായിരിക്കണം.

9. നട തുറന്നിരിക്കുന്ന അവസരങ്ങളിലെല്ലാം മുടക്കം കൂടാതെ വിതരണം ചെയ്യുന്നതിനാ വശ്യമയ അപ്പം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം തയ്യാറാക്കി പായ്ക്ക് ചെയ്ത് ഏൽപ്പിക്കേണ്ടതും, ആയത് പരിശോധിക്കുന്നതിന് ദേവസ്വം ഉദ്യോഗ സ്ഥർക്ക് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

10. അപ്പം തയ്യാറാക്കുന്നതിനും പായ്ക്ക് ചെയ്യുന്നതിനും 8 മണിക്കൂർ വീതം ഷിഫ്റ്റ് അടി സ്ഥാനത്തിൽ 3 ഷിഫ്റ്റുകളായി ജോലിക്കാരെ കരാറുകാരൻ നിയോഗിക്കേണ്ടതും, ഇതിലേക്ക് ആവശ്യമായ ആൾക്കാരെ കരാറുകാന്റെ സ്വന്തം ഉത്തരവാദിത്വത്തിൽ നിയോഗിക്കണ്ടതുമാണ്. ഇപ്രകാരം നിയോഗിക്കുന്നവർക്കുളള ഭക്ഷണവും, ലഭ്യമായ താമസസൗകര്യവും ഡിപ്പാർട്ടുമെന്റിൽ നിന്നും സൗജന്യമായി നൽകുന്നതാണ്.

ചുവടെ വിവരിക്കുന്ന ക്രമം ജീവനക്കാരെ എല്ലാ കാരകളും മുഴുവൻ സമയവും പ്രവർത്തിപ്പിക്കുവാൻ ഉതകുന്നതരത്തിൽകുത്തകക്കാരൻ നിയോഗിക്കേണ്ടതാണ്.

| കാലയളവ് | ഇനം | കുത്തകക്കാരൻ നിയോഗിക്കേണ്ട ജീവനക്കാരുടെ എണ്ണം |
|---|---|---|
| മണ്ഡലം-മകരവിളക്ക് | ഇലക്ട്രിക് കാര (25 എണ്ണം) | 37 |
| | തെർമിക് ഫ്ളൂയിഡ് (96 എണ്ണം) | 144 |
| | ഗ്യാസ് (55 എണ്ണം) | 165 |
| മേട വിഷു (സ്റ്റീം അടുപ്പുകൾ) | | 132 |
| കുംഭം, തുലാമാസപൂജ കാലയളവ് (60 തെർമിക് ഫ്ളൂയിഡ് അടുപ്പുകൾ) | | 30 |
| മറ്റ് മാസപൂജകൾ, മറ്റ് നട തുറക്കുന്ന വിശേഷങ്ങൾ (40 തെർമിക് ഫ്ളൂയിഡ് അടുപ്പുകൾ) | | 20 |
| | | |

ക്ലീനിംഗിനും, മാവ് കുഴക്കുന്നതിനും, പായ്ക്കിംഗിനും ആവശ്യത്തിന് ആൾക്കാരെയും നിയോഗിക്കേണ്ടതാണ്

11. അപ്പം തയ്യാറാക്കലും, പായ്ക്കിംഗ് ജോലികളും മേൽ വിവരിച്ചപ്രകാരം ഷിഫ്റ്റ് അടി സ്ഥാനത്തിൽ രാപ്പകൽ (ആവശ്യമുള്ളപക്ഷം) തുടർച്ചയായി നിർവ്വഹിക്കേണ്ടതും ജോലിക്കാരിൽ ആരെങ്കിലും ജോലിയിൽ ഉദാസീനത കാണിക്കുകയോ, ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ നിർദ്ദേശം അവഗണിച്ച് ദേവസ്വം ബോർഡിന്റെ മുതൽ നഷ്ടപ്പെ

ടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവരെ ഉടനടി നീക്കം ചെയ്ത് പകരം ആളെ നിയോഗിക്കേണ്ടതാണ്.

12. 09–11–2025 നും ഓരോ മാസപൂജ, മറ്റ് അടിയന്തിരങ്ങളുടെ ആരംഭത്തിലും അപ്പം നിർമ്മാണം ആരംഭിക്കുന്നതിന് മുന്നോടിയായി എല്ലാ യൂണിറ്റുകളിലെയും പാത്രങ്ങൾ, ക്രെയിറ്റ്സ്, കാരകൾ, അപ്പം ശേഖരിക്കേണ്ട മേശകൾ, തറ ഭാഗങ്ങൾ എന്നിവകൾ എല്ലാം കാരം, ചൂട് വെള്ളം തുടങ്ങിയവ ഉപയോഗിച്ച് കഴുകി വൃത്തിയാക്കണം. കൂടാതെ യൂണിറ്റിൽ എവിടെയും ചിലന്തിവലയുംമറ്റുമില്ലെന്ന് ഉറപ്പ് വരുത്തിയിരിക്കണം. ഇത്തരത്തിൽ യൂണിറ്റ് ശുചീകരിക്കപ്പെട്ടിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്ന 'ക്ലീനിങ്ങ് സർട്ടിഫിക്കറ്റ്' എക്സിക്യൂട്ടീവ് ഓഫീസറിൽ നിന്നോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനിൽ നിന്നോ വാങ്ങിച്ച് ഹാജരാക്കിയതിന് ശേഷം മാത്രമെ നിർമ്മാണത്തിന് ആവശ്യമായ സാധനസാമഗ്രികൾ യൂണിറ്റിലേക്ക് എത്തിച്ച് തരുകയുള്ളു. പരിശോധനാ ഉദ്യോഗസ്ഥന്മാർ എപ്പോൾ ആവശ്യപ്പെട്ടാലും പ്രസ്തുത ക്ലീനിങ്ങ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് കാണിച്ച് ബോദ്ധ്യപ്പെടുത്താൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. പ്രസ്തുത ക്ലീനിങ്ങ് സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ അതാത് പ്രാവശ്യത്തെ ആദ്യ ബില്ലിനോടൊപ്പം ഹാജരാക്കിയാൽ മാത്രമെ ബില്ല് അംഗീകരിച്ച് നൽകുകയുള്ളു.

13. അപ്പം പ്ലാന്റിലും, പായ്ക്കിംഗ് ഏരിയായിലും ജോലി നോക്കുന്ന ജോലിക്കാർ കൃത്യനിഷ്ഠയോടെയും, വൃത്തിയായും ജോലിയിൽ ഏർപ്പെടേണ്ടതും തലയിൽ തൊപ്പിയുംകൈകളിൽ കൈയ്യുറയും ധരിക്കേണ്ടതുമാണ്.

14. അപ്പം പാചകം ചെയ്യുന്നതും, പായ്ക്ക് ചെയ്യുന്നതുമായ സ്ഥലവും പരിസരപ്രദേശവും സദാസമയവും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. യാതൊരുവിധ ലഹരി പദാർത്ഥങ്ങളും ആരുംതന്നെ ഉപയോഗിക്കുവാൻ പാടില്ലാത്തതുമാണ്. ഇക്കാരം ഉറപ്പുവരുത്തുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.

15. ടി. ജോലികൾ ഏറ്റെടുക്കുന്ന കരാറുകാരനും കരാർ ജോലികൾക്കായി കാരാറുകാരൻ നിയോഗിക്കുന്നവർക്കും ക്രിമിനിൽ കേസ്സിൽ ഉൾപ്പെട്ടിട്ടില്ല എന്ന പ്രാദേശിക പോലീസ് സ്റ്റേഷനിലെ സ്റേഷൻ ഹൗസ് ഓഫീസറുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ് കരാറുകാരൻ ഹാജരാക്കേണ്ടതാണ്.

16. ടി. പ്രകാരം നിയോഗിക്കപ്പെടുന്നവർക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡ് ഐഡന്റിറ്റി കാർഡ് നൽകുന്നതാണ്. നിയോഗിക്കപ്പെടുന്നവർ ഹിന്ദുമത വിശ്വസികളും, ക്ഷേത്രാചാര അനുഷ്ഠാനങ്ങൾ പാലിക്കുന്നവർ ആയിരിക്കേണ്ടതുംടി ആളുകളുടെവിശദവിവരം മുൻകൂട്ടി എക്സിക്യൂട്ടീവ് ഓഫീസറെ അറിയിക്കേണ്ടതുമാണ്.

17. കരാറുകാരൻ നിയോഗിക്കപ്പെടുന്ന ആൾക്കാർ ശബരിമലയിൽ എത്തിച്ചേർന്നു കഴിഞ്ഞാൽ നിയോഗിക്കപ്പെടുന്ന ജോലിയല്ലാതെ മറ്റ് യാതൊരുവിധ പ്രവർത്തനങ്ങളിലും ഏർപ്പെടുവാൻ പാടില്ലാത്തതാണ്.

18. പ്രസ്തുത കുത്തകകളുടെ സുഗമമായ നടത്തിപ്പിന് സെക്യൂരിറ്റിയായി ഹാജരാക്കുന്ന തുക, കുത്തക പൂർണ്ണമായും തൃപ്തികരമായി നിറവേറ്റി ക്ലിയറൻസ് സർട്ടിഫിക്കറ്റ്

ഹാജരാക്കുന്നമുറയ്ക്ക് പലിശ കൂടാതെ തിരികെ നൽകുന്നതും, ഏതെങ്കിലും തരത്തിൽ കരാറുകാരന്റെ വീഴചയിൽ ഡിപ്പാർട്ടുമെന്റിനു സാമ്പത്തിക നഷ്ടം സംഭവിച്ചാൽ നിരതദ്രവ്യവും, സെക്യൂരിറ്റി തുകയും ഡിപ്പാർട്ടുമെന്റിലേക്ക് മുതൽ കൂട്ടുന്നതുമാണ്. പ്രസ്തുത തുക അപര്യാപ്തമാകുന്നപക്ഷം ബാക്കി തുക കരാറുകാരനുള്ള പേമെന്റിൽനിന്നും ഈടാക്കുന്നതായിക്കും.അപ്രകാരം കഴിയാതെ വന്നാൽ സിവിലായോ, ക്രിമിനലായോ കേസ് ഫയൽ ചെയ്തോ മറ്റു നടപടി ക്രമത്തിലൂടെയോ കരാറുകരനിൽ നിന്നും നിയമാനുസരണം നഷ്ടം ഈടാക്കുന്നതിന് ഡിപ്പാർട്ട്മെന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

19.ഈ വ്യവസ്ഥകളുടെ വ്യാഖ്യാനം സംബന്ധിച്ച് എന്തെങ്കിലും തർക്കമോ സംശയമോ ഉണ്ടാകുന്നപക്ഷം ആ വിഷയത്തിൽ ദേവസ്വംബോർഡിന്റെ തീരുമാനംഅന്തിമമായിരിക്കും.

20. അപ്പം തയ്യാറാക്കുന്നതിനും, പായ്ക്ക് ചെയ്യുന്നതിനും പ്രപ്തിയുള്ളവരെ മാത്രം കരാറുകാരൻ നിയോഗിക്കേണ്ടതാണ്. കൂടാതെ തൊഴിലാളികൾ ടി പ്രവർത്തികളിൽമുൻപരിചയമുള്ളവരുമായിരിക്കണം. ഇപ്രകാരമുള്ള തൊഴിലാളികളെ ഏർപ്പെടുത്തുന്നതിന് ടെന്ററുകാരന് പ്രാപ്തിയുണ്ടെന്ന് ബോദ്ധ്യപ്പെടാത്തപക്ഷം പ്രസ്തുത ടെന്റർ നിരസിക്കുന്നതിന് ഡിപ്പാർട്ട്മെന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

21. അപ്പം തയ്യാർ ചെയ്യുന്നതിലെഅപാകതമൂലം ദേവസ്വം ബോർഡിന് ഏതെങ്കിലും തരത്തിൽനഷ്ടമുണ്ടായാൽ ആയത് കരാറുകാരന്റെ സ്ഥാവര ജംഗമ സ്വത്തുക്കളിൽ നിന്നും ഈടാക്കുന്നതും കരാറുകാരന് ഇക്കാര്യത്തിൽ വ്യക്തിപരമായ ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതാണ്. ഇതുമൂലം ദേവസ്വം ബോർഡിന്റെ സൽപ്പേരിന് ഉണ്ടാകുന്ന കളങ്കം പരിഹരിക്കുന്നതിന് ബോർഡ് നിശ്ചയിക്കുന്ന പ്രത്യേക നഷ്ടപരിഹാരവും നൽകാൻകരാറുകാരൻ ബാധ്യസ്ഥനുമാണ്.

22.ശബരിമല ദേവസ്വത്തിലെ ഉണ്ണിയപ്പം നിർമ്മാണം യന്ത്രവത്കരിക്കുന്ന കാലയളവ് വരെ മാത്രമായിരിക്കും കുത്തക അവകാശം അനുവദിക്കുന്നത്. ഉണ്ണിയപ്പം നിർമ്മാണം യന്ത്രവത്കരണം ആരംഭിക്കുന്ന മുറയ്ക്കും ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ നിർദേശിക്കുന്ന മുറയ്ക്കും കോൺട്രാക്ട് അസാധുവാകുന്നതാണ്. ഇതിന്മേൽ കുത്തകക്കാരന് മറ്റ് തടസ്സവാദങ്ങൾഉന്നിയിക്കുന്നതിനോ, വ്യവഹാരങ്ങളിൽ ഏർപ്പെടുന്നതിനോ യാതൊരു അവകാശവും ഇല്ലാത്തതാണ്.

## 2. നിലയ്ക്കൽ അപ്പം നിർമ്മാണം

10-11-2025 മുതൽ 31-10-2026 വരെയുള്ള കാലയളവിൽ നിലയ്ക്കൽ ദേവസ്വത്തിലെ പ്രസാദമായ ഉണ്ണിയപ്പം തയ്യാറാക്കി 10 എണ്ണം വീതമുള്ള പായ്ക്കറ്റുകളിലാക്കി ഏൽപ്പിക്കുന്നതിനുള്ള അവകാശം. :

1. 10-11-2025 മുതൽ 31-10-2026വരെയുള്ള കാലയളവിൽ ശബരിമല ദേവസ്വത്തിലെ മണ്ഡലം - മകരവിളക്ക്, മേടവിഷു, മാസപൂജ വിശേഷാൽ പൂജകൾഎന്നിവയോടനുബന്ധിച്ച് നട തുറക്കുന്ന എല്ലാ അവസരങ്ങളിലും നിലയ്ക്കൽ ദേവസ്വം വഴിപാട് പ്രസാദമായ ഉണ്ണിയപ്പം തയ്യാറാക്കി 10 എണ്ണം വീതമുള്ള പായ്ക്കറ്റുകളിലാക്കി ചുമതലക്കാരനെഏൽപ്പിക്കേതുമാണ്.

2. ഒരു കൂട്ട് അപ്പത്തിന് 50 കിലോഗ്രാം അരിപ്പൊടി, 22 കിലോഗ്രാം ശർക്കര, 700 ഗ്രാം ചുക്കുപൊടി, 350ഗ്രാം ജീരകപ്പൊടി, **10 ലിറ്റർ വെളിച്ചെണ്ണ** , 7 എണ്ണം കദളിപ്പഴം, 7എണ്ണം പൂവൻപഴം , ഏലയ്ക്ക 350 ഗ്രാം എന്നീ കണക്കിൽ സാധനങ്ങൾ ചേർത്ത് ആവശ്യാനുസരണം ആൾക്കാരെ നിയോഗിച്ച് അപ്പം തയ്യാറാക്കുകയും ആയത് തണുത്തശേഷം ബട്ടർ പേപ്പർ കവറിൽ പായ്ക്ക് ചെയ്തു നൽകേതാണ്.

3. മണ്ഡലം – മകരവിളക്ക് കാലയളവിൽ അപ്പം തയ്യാറാക്കുന്നതിന് 25 ഗ്യാസ് അടപ്പുകളും, ആയത് പ്രവർത്തിക്കുന്നതിനുള്ള ഇന്ധനവും ഡിപ്പാർട്ട്മെന്റ് നൽകുന്നതാണ്.

4. അപ്പം തയ്യാറാക്കുന്നതിന് ഏറ്റുവാങ്ങുന്ന ചേരുവകൾ പൂർണ്ണമായും ആയതിന് ഉപയോഗിക്കുന്നുന്നെും, പായ്ക്കിംഗിനായി ഏറ്റുവാങ്ങുന്ന ബട്ടർപേപ്പർ ബാഗുകൾ നഷ്ടപ്പെടാതെയും, ദുരുപയോഗം ചെയ്യാതെയും, പായ്ക്കിംഗ് വേളകളിൽ പൊട്ടിപോകാതെയും കൈകാര്യം ചെയ്യേന്ന ബാദ്ധ്യത കാരാറുകാരനുള്ളതാണ്. ഇക്കാര്യത്തൽ എന്തെങ്കിലും വീഴ്ച സംഭവിച്ച് ബോർഡിന് നഷ്ടമുായാൽ ആയതിന്റെ ബാദ്ധ്യത കുത്തകക്കാരനായിരിക്കും.

5. അപ്പം തയ്യാറാക്കുന്നതിന് ആവശ്യമായ ടി. ചേരുവകകളും, പായ്ക്കിംഗിന് ആവശ്യമായ ബട്ടർ പേപ്പർ ബാഗുകളും ഡിപ്പാർട്ടുമെന്റിൽനിന്നും യഥാസ്ഥാനങ്ങളിൽ എത്തിക്കുന്നതും, ആയത് കോൺട്രാക്ടറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന വ്യക്തിയോ രേഖാമൂലം ഏറ്റുവാങ്ങി ഉപയോഗിക്കേതുമാണ്. എന്നാൽ നിലയ്ക്കൽ ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ നിർദ്ദേശിക്കുന്ന വേളകളിൽ ചേരുവകളും ബട്ടർ പേപ്പർ ബാഗുകളും എത്തിക്കുന്നതിന് ബോർഡിന്റെ ട്രാക്ടറിലേക്ക് കയറ്റി ഇറക്കു ജോലികൾക്കും മില്ലിൽ നിന്നും അപ്പം നിർമ്മാണ യൂണിറ്റിലേക്ക് ചുമന്ന് കൊുപോകുന്നതിനും മറ്റും കരാർ ഏറ്റെടുത്തിരിക്കുന്ന വ്യക്തി തന്നെ ആൾക്കാരെ നിയോഗിക്കേതാണ്.

6 . നിലയ്ക്കൽ ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ഓഫീസറാെ, ടിയാൻ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ നിർദ്ദേശിക്കുന്നതിനനുസരിച്ച് മുൻകൂട്ടി ശബരിമലയിലെത്തി അവിടെ സജ്ജീകരിച്ചിട്ടുള്ള ഗ്യാസ് അടുപ്പുകളിൽ, മേൽ പ്രതിപാദിച്ച ചേരുവകൾ ചേർത്ത് ഒരു കൂട്ടിന് 4300 അപ്പം ലഭിക്കത്തക്കവിധം വലിപ്പത്തിൽ അപ്പം തയ്യാറാക്കേതും, 10 എണ്ണം വീതം ഓരോ കവറിൽ നിറച്ച് 430 പായ്ക്കറ്റ് അപ്പം എന്ന ക്രമത്തിൽ വിതരണത്തിനു സജ്ജമാക്കി സ്പെഷ്യലാഫീസറെ ഏൽപ്പിക്കേതുമാണ്. 4300എണ്ണത്തിൽ കൂടുതലായി ലഭിക്കുന്ന അപ്പവും സ്പെഷ്യലാഫീസറെ ഏൽപിക്കേതാണ്.

7 . കരാർ ഏറ്റെടുക്കന്ന ആളോ, ടിയാൻ എക്സിക്യൂട്ടീവ് ഓഫീസറുടെ അനുവാദത്തോടെ ചുമതലപ്പെടുത്തുന്ന ആളോ അപ്പം തയ്യാറാക്കുന്ന അവസരങ്ങളിൽ നിലയ്ക്കൽ ദേവസ്വത്തിൽ സന്നിഹിതനായിരിക്കണം.

8 . ശബരിമല നട തുറന്നിരിക്കുന്ന അവസരങ്ങളിലെല്ലാം മുടക്കം കൂടാതെ വിതരണം ചെയ്യുന്നതിനാവശ്യമയ അപ്പം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം തയ്യാറാക്കി പായ്ക്ക് ചെയ്ത് ഏൽപ്പിക്കേതും, ആയത് പരിശോധിക്കുന്നതിന് ദേവസ്വം ഉദ്യോഗസ്ഥർക്ക് അധികാരം ഉായിരിക്കുന്നതുമാണ്.

9 . അപ്പം തയ്യാറാക്കുന്നതിനും പായ്ക്ക് ചെയ്യുന്നതിനും 8 മണിക്കൂർ വീതം ഷിഫ്റ്റ് അടിസ്ഥാനത്തിൽ 3 ഷിഫ്റ്റുകളായി ജോലിക്കാരെ കരാറുകാരൻ നിയോഗിക്കേതും, ഇതിലേക്ക് ആവശ്യമായ ആൾക്കാരെ കരാറുകാന്റെ സ്വന്തം ഉത്തരവാദിത്വത്തിൽ നിയോഗിക്കേതുമാണ്. ഇപ്രകാരം നിയോഗിക്കുന്നവർക്കുള്ള ഭക്ഷണവും, ലഭ്യമായ താമസസൗകര്യവും ഡിപ്പാർട്ടുമെന്റിൽ നിന്നും സൗജന്യമായി നൽകുന്നതാണ്.

ചുവടെ വിവരിക്കുന്ന ക്രമം ജീവനക്കാരെ ഗ്യാസ് കാരകളും മുഴുവൻ സമയവും പ്രവർത്തിപ്പിക്കുവാൻ ഉതകുന്നതരത്തിൽകുത്തകക്കാരൻ നിയോഗിക്കേതാണ്.

| കാലയളവ് | ഇനം | കുത്തകക്കാരൻ നിയോഗിക്കേ ജീവനക്കാരുടെ എണ്ണം |
|---|---|---|
| മണ്ഡലം-മകരവിളക്ക് | | |
| | ഗ്യാസ് (25 എണ്ണം) | |
| | | 65 |
| മേട വിഷു ഗ്യാസ് (15 എണ്ണം) | | 40 |
| മറ്റ് മാസപൂജകൾ, മറ്റ് നട തുറക്കുന്ന വിശേഷങ്ങൾ (15 ഗ്യാസ് കാരകൾ) | | 20 |

ക്ലീനിംഗിനും, മാവ് കുഴക്കുന്നതിനും, പായ്ക്കിംഗിനും ആവശ്യത്തിന് ആൾക്കാരെയും നിയോഗിക്കേതാണ് .

11. അപ്പം തയ്യാറാക്കലും, പായ്ക്കിംഗ് ജോലികളും മേൽ വിവരിച്ചപ്രകാരം ഷിഫ്റ്റ് അടിസ്ഥാനത്തിൽ രാപ്പകൽ (ആവശ്യമുള്ളപക്ഷം) തുടർച്ചയായി നിർവ്വഹിക്കേതും ജോലിക്കാരിൽ ആരെങ്കിലും ജോലിയിൽ ഉദാസീനത കാണിക്കുകയോ, ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ നിർദ്ദേശം അവഗണിച്ച് ദേവസ്വം ബോർഡിന്റെ മുതൽ നഷ്ടപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവരെ ഉടനടി നീക്കം ചെയ്ത് പകരം ആളെ നിയോഗിക്കേതാണ്.

12. 09–11–2025 നും ഓരോ മാസപൂജ, മറ്റ് അടിയന്തിരങ്ങളുടെ ആരംഭത്തിലും അപ്പം നിർമ്മാണം ആരംഭിക്കുന്നതിന് മുന്നോടിയായി എല്ലാ യൂണിറ്റുകളിലെയും പാത്രങ്ങൾ, ക്രെയിറ്റ്സ്, കാരകൾ, അപ്പം ശേഖരിക്കേ മേശകൾ, തറ ഭാഗങ്ങൾ എന്നിവകൾ എല്ലാം കാരം, ചൂട് വെള്ളം തുടങ്ങിയവ ഉപയോഗിച്ച് കഴുകി വൃത്തിയാക്കണം. കൂടാതെ യൂണിറ്റിൽ എവിടെയും ചിലന്തിവലയുംമറ്റുമില്ലെന്ന് ഉറപ്പ് വരുത്തിയിരിക്കണം. ഇത്തരത്തിൽ യൂണിറ്റ് ശുചീകരിക്കപ്പെട്ടിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്ന ‘ക്ലീനിങ്ങ് സർട്ടിഫിക്കറ്റ്’ എക്സിക്യൂട്ടീവ് ഓഫീസറിൽ നിന്നോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനിൽ നിന്നോ വാങ്ങിച്ച് ഹാജരാക്കിയതിന് ശേഷം മാത്രമെ നിർമ്മാണത്തിന് ആവശ്യമായ സാധനസാമഗ്രികൾ യൂണിറ്റിലേക്ക് എത്തിച്ച് തരുകയുള്ളു. പരിശോധനാ ഉദ്യോഗസ്ഥന്മാർ എപ്പോൾ ആവശ്യപ്പെട്ടാലും പ്രസ്തുത ക്ലീനിങ്ങ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് കാണിച്ച് ബോദ്ധ്യപ്പെടുത്താൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. പ്രസ്തുത ക്ലീനിങ്ങ് സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ അതാത് പ്രാവശ്യത്തെ ആദ്യ ബില്ലിനോടൊപ്പം ഹാജരാക്കിയാൽ മാത്രമെ ബില്ല് അംഗീകരിച്ച് നൽകുകയുള്ളു.

13. അപ്പം പ്ലാന്റിലും, പായ്ക്കിംഗ് ഏരിയായിലും ജോലി നോക്കുന്ന ജോലിക്കാർ കൃത്യനിഷ്ഠയോടെയും, വൃത്തിയായും ജോലിയിൽ ഏർപ്പെടേതും തലയിൽ തൊപ്പിയുംകൈകളിൽ കൈയ്യുറയും ധരിക്കേതുമാണ്.

14. അപ്പം പാചകം ചെയ്യുന്നതും, പായ്ക്ക് ചെയ്യുന്നതുമായ സ്ഥലവും പരിസരപ്രദേശവും സദാസമയവും വൃത്തിയായി സൂക്ഷിക്കേതാണ്. യാതൊരുവിധ ലഹരി പദാർത്ഥങ്ങളും ആരുംതന്നെ ഉപയോഗിക്കുവാൻ പാടില്ലാത്തതുമാണ്. ഇക്കാരം ഉറപ്പുവരുത്തുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.

15. ടി. ജോലികൾ ഏറ്റെടുക്കുന്ന കരാറുകാരനും കരാർ ജോലികൾക്കായി കാരാറുകാരൻ നിയോഗിക്കുന്നവർക്കും ക്രിമിനിൽ കേസ്സിൽ ഉൾപ്പെട്ടിട്ടില്ല എന്ന പ്രാദേശിക പോലീസ് സ്റ്റേഷനിലെ സ്റേഷൻ ഹൗസ് ഓഫീസറുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ് കരാറുകാരൻ ഹാജരാക്കേതാണ്.

16. ടി. പ്രകാരം നിയോഗിക്കപ്പെടുന്നവർക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡ് ഐഡന്റിറ്റി കാർഡ് നൽകുന്നതാണ്. നിയോഗിക്കപ്പെടുന്നവർ ഹിന്ദുമത വിശ്വസിക ളും,ക്ഷേത്രാചാര അനുഷ്ഠാനങ്ങൾ പാലിക്കുന്നവർആയിരിക്കേതുംടി ആളുകളുടെവിശദവിവരം മുൻകൂട്ടി എക്സിക്യൂട്ടീവ് ഓഫീസറെ അറിയിക്കേതുമാണ്.

17. കരാറുകാരൻ നിയോഗിക്കപ്പെടുന്ന ആൾക്കാർ നിലയ്ക്കലിൽ എത്തിച്ചേർന്നു കഴി ഞ്ഞാൽ നിയോഗിക്കപ്പെടുന്ന ജോലിയല്ലാതെ മറ്റ് യാതൊരു വിധ പ്രവർത്തനങ്ങളിലും ഏർപ്പെടുവാൻ പാടില്ലാത്തതാണ്.

18. പ്രസ്തുത കുത്തകകളുടെ സുഗമമായ നടത്തിപ്പിന് സെക്യൂരിറ്റിയായി ഹാജരാക്കുന്ന തുക, കുത്തക പൂർണ്ണമായും തൃപ്തികരമായി നിറവേറ്റി ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നമുറയ്ക്ക് പലിശ കൂടാതെ തിരികെ നൽകുന്നതും, ഏതെങ്കിലും തര ത്തിൽ കരാറുകാരന്റെ വീഴചയിൽ ഡിപ്പാർട്ടുമെന്റിനു സാമ്പത്തിക നഷ്ടം സംഭവി ച്ചാൽ നിരതദ്രവ്യവും, സെക്യൂരിറ്റി തുകയും ഡിപ്പാർട്ടുമെന്റിലേക്ക് മുതൽ കൂട്ടുന്ന തുമാണ്. പ്രസ്തുത തുക അപര്യാപ്തമാകുന്നപക്ഷം ബാക്കി തുക കരാറുകാരനുള്ള പേമെന്റിൽനിന്നും ഈടാക്കുന്നതായിക്കും.അപ്രകാരം കഴിയാതെ വന്നാൽ സിവിലാ യോ, ക്രിമിനലായോ കേസ് ഫയൽ ചെയ്തോ മറ്റു നടപടി ക്രമത്തിലൂടെയോ കരാറു കരനിൽ നിന്നും നിയമാനുസരണം നഷ്ടം ഈടാക്കുന്നതിന് ഡിപ്പാർട്ട്മെന്റിന് അധി കാരം ഉായിരിക്കുന്നതാണ്.

19.ഈ വ്യവസ്ഥകളുടെ വ്യാഖ്യാനം സംബന്ധിച്ച് എന്തെങ്കിലും തർക്കമോ സംശയമോ ഉ ാകുന്നപക്ഷം ആ വിഷയത്തിൽ ദേവസ്വംബോർഡിന്റെ തീരുമാനം അന്തിമമായിരി ക്കും.

20. അപ്പം തയ്യാറാക്കുന്നതിനും, പായ്ക്ക് ചെയ്യുന്നതിനും പ്രപ്തിയുള്ളവരെ മാത്രം കരാ റുകാരൻ നിയോഗിക്കേതാണ്. കൂടാതെ തൊഴിലാളികൾ ടി പ്രവർത്തികളിൽമുൻപരിച യമുള്ളവരുമായിരിക്കണം. ഇപ്രകാരമുള്ള തൊഴിലാളികളെ ഏർപ്പെടുത്തുന്നതിന് ടെന്റ റുകാരന് പ്രാപ്തിയുന്ന് ബോദ്ധ്യപ്പെടാത്തപക്ഷം പ്രസ്തുത ടെന്റർ നിരസിക്കുന്നതിന് ഡിപ്പാർട്ട്മെന്റിന് അധികാരം ഉായിരിക്കുന്നതാണ്.

21. അപ്പം തയ്യാർ ചെയ്യുന്നതിലെഅപാകതമൂലം ദേവസ്വം ബോർഡിന് ഏതെങ്കിലും തരത്തിൽനഷ്ടമുായാൽ ആയത് കരാറുകാരന്റെ സ്ഥാവര ജംഗമ സ്വത്തുക്കളിൽ നിന്നും ഈടാക്കുന്നതും കരാറുകാരന് ഇക്കാര്യത്തിൽ വ്യക്തിപരമായ ബാദ്ധ്യതയും ഉായിരിക്കുന്നതാണ്. ഇതുമൂലം ദേവസ്വം ബോർഡിന്റെ സൽപ്പേരിന് ഉാകുന്ന കളങ്കം പരിഹരിക്കുന്നതിന് ബോർഡ് നിശ്ചയിക്കുന്ന പ്രത്യേക നഷ്ടപരിഹാരവും നൽകാൻകരാറുകാരൻ ബാധ്യസ്ഥനുമാണ്.

22.നിലയ്ക്കൽ ദേവസ്വത്തിലെ ഉണ്ണിയപ്പം നിർമ്മാണം യന്ത്രവത്കരിക്കുന്ന കാലയളവ് വരെ മാത്രമായിരിക്കും കുത്തക അവകാശം അനുവദിക്കുന്നത്. ഉണ്ണിയപ്പം നിർമ്മാണം

യന്ത്രവത്കരണം ആരംഭിക്കുന്ന മുറയ്ക്കും ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ നിർദേശിക്കുന്ന മുറയ്ക്കും കോൺട്രാക്ട് അസാധുവാകുന്നതാണ്. ഇതിന്മേൽ കുത്തകക്കാരന് മറ്റ് തടസ്സവാദങ്ങൾഉന്നിയിക്കുന്നതിനോ, വ്യവഹാരങ്ങളിൽ ഏർപ്പെടുന്നതിനോ യാതൊരു അവകാശവും ഇല്ലാത്തതാണ്.

**ടെന്ററിനൊടൊപ്പം ചുവടെ വിവരിക്കുന്ന പ്രകാരമുള്ള തുകയുടെ ഇം.എം.ഡി ഹാജരാക്കേണ്ടതും ടെന്റർ ലഭിക്കുന്നപക്ഷം ചുവടെ വിവരിക്കുന്ന ക്രമത്തിൽസെക്യൂരിറ്റി തുകയും ഹാജരാക്കേണ്ടതുമാണ്.**

| ഇനം | ഇം.എം.ഡി | സെക്യൂരിറ്റി |
|---|---|---|
| **ശബരിമല അപ്പം നിർമ്മാണം** മണ്ഡലം – മകരവിളക്ക് : ഗ്യാസ്<br>**നിലയ്ക്കൽ അപ്പം നിർമ്മാണം-**<br>മണ്ഡലം-മകരവിളക്ക മേടവിഷു, മാസപൂജ, മറ്റ് ദിവസങ്ങൾ : ഗ്യാസ് | 50,000 | 2,00,000<br>**ശബരിമല** സെക്യൂരിറ്റി **തുക - 150000/-**<br>**നിലയ്ക്കൽ** സെക്യൂരിറ്റി **തുക - 50000 /-** |
| മണ്ഡലം – മകരവിളക്ക് : ഇലക്ട്രിക്കൽ | 40,000 | 1,50,000 |
| മണ്ഡലം – മകരവിളക്ക് : സ്റ്റീം | 75,000 | 2,50,000 |
| മേടവിഷു, മാസപൂജ, മറ്റ് ദിവസങ്ങൾ : സ്റ്റീം | 25,000 | 75,000 |

## 3. വെള്ളനിവേദ്യം, ശർക്കരപ്പായസം : പാകം ചെയ്യുന്നതിനുള്ള അവകാശം

ശബരിമല ക്ഷേത്രനട തുറക്കുന്നതുമായി ബന്ധപ്പെട്ട ദിവസങ്ങളിൽ ശബരിമല ദേവസ്വത്തിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ നിർദ്ദേശാനുസരണം കീഴ്പതിവു പോലെ ജോലി നടത്തിക്കേണ്ടതാണ്. പാചകത്തിൽ പാകപ്പിഴ വരുന്നപക്ഷം അതുമൂലമുണ്ടാകുന്ന നഷ്ടം കുത്തകക്കാരിൽ നിന്നും ഈടാക്കുന്നതായിരിക്കും. ഓരോയിനം വഴിപാട് തയ്യാറാക്കുന്നതിനാവശ്യമായ പാചകക്കാരെ എക്സിക്യൂട്ടീവ് ഓഫീസറുടെ നിർദ്ദേശമനുസരിച്ച് കുത്തകക്കാരൻ / ടെന്ററുകാരൻ ഏർപ്പാടു ചെയ്യേണ്ടതാണ്. ഇപ്രകാരം ഏർപ്പാടുചെയ്തുകൊണ്ടുവരുന്ന പാചകക്കാർക്ക് 8 മണിക്കൂർ ഷിഫ്റ്റ് കൊടുക്കേണ്ടതാണ്. പാചകക്കാർ വെള്ളനിവേദ്യവും, ശർക്കരപ്പായസവും പാകം ചെയ്യുന്നതിന് പരിചയവും പ്രാപ്തിയും ഉള്ളവരായിരിക്കണം. മേൽപ്രകാരം ചെയ്യാതെ വീഴ്ചവരുത്തുകയും, വഴിപാടുകൾക്ക് തന്മൂലം ബുദ്ധിമുട്ട് ഉണ്ടാകുമെന്ന് ബോദ്ധ്യപ്പെടുകയും ചെയ്താൽ കൂടുതലായി വേണ്ടിവരുന്ന ആളുകളെ ജോലിക്ക് നിയോഗിക്കുന്നതിന് ദേവസ്വം ബോർഡിന് അവകാശം ഉണ്ടായിരിക്കുന്നതും, അതിൽവച്ചുണ്ടാകുന്ന അധിക ചെലവിന് കുത്തകക്കാരൻ ഉത്തരവാദിയായിരിക്കുന്നതുമാണ്. വഴിപാട് സാധനങ്ങൾ തയ്യാറാക്കുന്നതിന് കുത്തകക്കാർ / ടെന്ററുകാർ ഏർപ്പെടുത്തുന്ന പാചകക്കാർക്ക്താമസ സൗകര്യവും ദേവസ്വം മെസ്സിൽ നിന്നും ആഹാരവും സൗജന്യമായി കൊടുക്കുന്നതാണ്..

വഴിപാടുകൾ ആവശ്യാനുസരണം രാപകൽ ഭേദമന്യ തുടർച്ചയായി പാകം ചെയ്യേണ്ടതാണ്. കുത്തകക്കാരൻ ഏർപ്പെടുത്തുന്നവരിൽ ആരെങ്കിലും ജോലിക്ക് ഉദാസീനത കാണിക്കുകയോ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ നിർദ്ദേശത്തെ അവഗണിച്ച് ദേവസ്വം ബോർഡിന്റെ മുതലിന് നഷ്ടം വരുത്തുകയോ ചെയ്യുന്നതായി ബോദ്ധ്യപ്പെട്ടാൽ അവരെ

നീക്കം ചെയ്ത് ഉടൻ കുത്തകക്കാൻ പകരം ആളെ നിയോഗിക്കേണ്ടതാണ്. ആവക ചുമതലകൾ ദേവസ്വം ബോർഡിന് ഇല്ലാത്തതുമാകുന്നു.

## 4. മോദകം, അവൽ : പാകം ചെയ്യുന്നതിനുള്ള കുത്തക

ശബരിമല ക്ഷേത്രനട തുറക്കുന്നതുമായി ബന്ധപ്പെട്ട ദിവസങ്ങളിൽ പമ്പ ദേവസ്വത്തിലെ ചുമതലപ്പെട്ട ഉദ്യാഗസ്ഥന്മാരുടെ നിർദ്ദേശാനുസരണം കീഴ്പതിവുപോലെ ജോലി നടത്തിക്കേണ്ടതാണ്. വെള്ളനിവേദ്യം, ശർക്കരപ്പായസം പാകം ചെയ്യുന്നതുമായി ബന്ധപ്പെട്ട എല്ലാ നിബന്ധനകളും മോദകം, അവൽ ഇവ പാകം ചെയ്യുന്നതിനും ബാധകമാണ്

## 5. ശബരിമല ദേവസ്വത്തിലെ എം.ഇ. 1201 (2025 - 2026) മണ്ഡലം – മകരവിളക്ക്, മേടവിഷു മാസപൂജകൾ ഉൾപ്പെടെയുള്ള മറ്റ് അടിയന്തിരങ്ങൾ എന്നിവയോടനുബന്ധിച്ച് ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങലിൽ ബോക്സ് ടൈപ്പ് ഉച്ചഭാഷിണി പ്രവർത്തിപ്പിക്കുന്നതിന് താൽപ്പര്യമുള്ള കോൺട്രാക്ടർ /ഏജൻസികളിൽനിന്നും മുദ്രവെച്ച ടെന്ററുകൾ ക്ഷണിക്കുന്നതിനുള്ള നിബന്ധന.

1201 എം.ഇ. കാലയളവിൽ ശബരിമല, പമ്പ, നിലയ്ക്കൽ പ്രദേശത്ത് ദേവസ്വം ബോർഡ് / സർക്കാർ തലങ്ങളിലെ യോഗങ്ങൾ, പൊതുപരിപാടികൾ ചേരുന്ന പക്ഷം ആയതിന് ആവശ്യമായ ശബ്ദം, വെളിച്ചം ക്രമീകരണങ്ങൾ കുത്തകക്കാരന്റെ ചുമതലയിൽതന്നെ ഏർപ്പെടുത്തേണ്ടതാണ്. ആയതിന് പ്രത്യേകം തുക ചെലവെഴുതി നൽകുന്നതല്ല.
ശബരിമല, പമ്പ, നിലയ്ക്കൽ ദേവസ്വങ്ങളിലേയ്ക്ക് ആവശ്യമായ ഉച്ചഭാഷിണിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. മേൽ പ്രകാരം ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് ഡിപ്പാർട്ട്മെന്റിൽ നിന്നും നൽകേണ്ട ആകെ തുകയാണ് ക്വോട്ട് ചെയ്യേണ്ടത്.

| ശബരിമല | | |
|---|---|---|
| നമ്പർ | പോയിന്റ് | ഉച്ചഭാഷിണി |
| 1 | അപ്പർ തിരുമുറ്റം | 9 ബോക്സ് (150 വാട്ട്സ്) |
| 2 | പ്രസാദം ടിക്കറ്റ്കൗണ്ടർ, 18 പടി, ഭസ്മക്കുളം, ഫ്ളൈഓവർ, മാളികപ്പുറം | 16 എണ്ണം (150 വാട്ട്സ്) |
| 3 | ബെയ്‌ലി പാലം. പോലീസ് ബാരക്ക് | 6 എണ്ണം (150 വാട്ട്സ്) |
| 4 | പാണ്ഡിത്താവളം | 12 എണ്ണം (150 വാട്ട്സ്) |
| 5 | ചാന്ദ്രാനന്ദൻ റോഡ്, മരക്കൂട്ടം, സ്വാമിഅയ്യപ്പൻ റോഡ് | 24 ബോക്സ് (150 വാട്ട്സ്) |
| 6 | വലിയ നടപ്പന്തൽ മുതൽ മരക്കൂട്ടംവരെ | 16 എണ്ണം (150 വാട്ട്സ്) |
| 7 | വലിയ നടപ്പന്തൽ ഭാഗത്ത് ആകെ | 12 എണ്ണം (200 വാട്ട്സ്) |
| 8 | വലിയ നടപ്പന്തൽ സ്റ്റേജ് 5000 വാട്ട്സ് സൗണ്ട്സ് സിസ്റ്റം (8 മൈക്ക്, 4 കോഡ്‌ലസ് മൈക്ക്, 5000 വാട്ട്സ് സ്പീക്കർ, 5000 വാട്ട്സ് ആംപ്ലിഫയർ മിക്സർ, 16 ചാനൽ – 1000 വാട്ട്സ്) | |
| പമ്പ | | |
| 1 | ഗണപതി ക്ഷേത്ര പരിസരം | 8 എണ്ണം (150 വാട്ട്സ്) |
| 2 | ഗണപതിക്ഷേത്രം താഴെപടിമുതൽ പന്തളം രാജ കെട്ടിടംവരെ | 8 എണ്ണം (150 വാട്ട്സ്) |

| | | |
|---|---|---|
| 3 | ഗണപതി ക്ഷേത്രം മുതൽ ത്രിവേണി പാലംവരെ | 16 എണ്ണം (150 വാട്ട്സ്) |
| 4 | ത്രിവേണി പാലം മുതൽ കെ.എസ്.ആർ.ടി.സി സ്റ്റാന്റ് വരെ | 16 എണ്ണം (150 വാട്ട്സ്) |
| 5 | മരാമത്ത് കെട്ടിടംമുതൽ ഹിൽടോപ്പ്വരെ | 16 എണ്ണം (150 വാട്ട്സ്) |
| 6 | പന്തളം രാജകെട്ടിടം മുതൽ നീലിമല / അപ്പാച്ചിമേട് വരെ | 16 എണ്ണം (150 വാട്ട്സ്) |
| 7 | പന്തളം രാജകെട്ടിടം മുതൽ സ്വാമി അയ്യപ്പൻ റോഡ് മരക്കൂട്ടംവരെ | 22 എണ്ണം (150 വാട്ട്സ്) |
| 8 | ഗണപതി ക്ഷേത്രം ഓഡിറ്റോറിയം 5000 വാട്ട്സ് സൗണ്ട് സിസ്റ്റം (6 മൈക്ക് 2 കോഡ്ലസ് മൈക്ക്, 5000 വാട്ട്സ് സ്പീക്കർ, 5 വാട്ട്സ് ആപ്ലിഫയൽ, മിക്സർ, 10 ചാനൽ – 1000 വാട്ട്സ്) | |
| | **നിലയ്ക്കൽ** | |
| 1 | നിലയ്ക്കൽ ശിവക്ഷേത്രം, ദേവീക്ഷേത്രം, പാർക്കിംഗ് ഭാഗം, സർവ്വീസ് റോഡ് | 80 എണ്ണം (150 വാട്ട്സ്) |
| 2 | വലിയ നടപ്പന്തൽ സ്റ്റേജ് ഓഡിറ്റോറിയം 3000 വാട്ട്സ് സൗണ്ട് സിസ്റ്റം (6 മൈക്ക്, 3000 വാട്ട്സ്) | |

## ശബരിമല, പമ്പ ദേവസ്വങ്ങളിലെ വഴിപാട് പ്രസാദ നിർമ്മാണ വിതരണവുമായി ബന്ധപ്പെട്ടുള്ള ടെന്റർ

| ക്രമനമ്പർ | ഇനം | നിരതദ്രവ്യം | സെക്യൂരിറ്റി | റിമാർക്സ് |
|---|---|---|---|---|
| 1 | **ശബരിമല അപ്പം നിർമ്മാണം** മണ്ഡലം – മകരവിളക്ക് : ഗ്യാസ് **നിലയ്ക്കൽ അപ്പം നിർമ്മാണം-** മണ്ഡലം- മകരവിളക്ക മേടവിഷു, മാസപൂജ, മറ്റ് ദിവസ ങ്ങൾ : ഗ്യാസ് | 50,000 | 2,00,000 | **ശബരിമല** സെക്യൂരിറ്റി **തുക -150000/-** നിലയ്ക്കൽ സെക്യൂരിറ്റി **തുക - 50000 /-** |
| 2 | **മണ്ഡലം – മകരവിളക്ക് ഉണ്ണിയപ്പം (സ്റ്റീം കാര)** | 75,000 | 2,50,000 | |
| 3 | **മണ്ഡലം – മകരവിളക്ക് ഉണ്ണിയപ്പം (ഇലക്ട്രിക് കാര)** | 40,000 | 1,50,000 | |
| 4 | **മേടവിഷു, മാസപൂജ, മറ്റ് ദിവസങ്ങൾ ഉണ്ണിയപ്പം (സ്റ്റീം കാര)** | 25,000 | 75000 | |
| 5 | **വെള്ളനിവേദ്യം** | 10,000 | 25,000/– | |
| 6 | **ശർക്കരപ്പായസം** | 10,000 | 25,000/– | |
| 7 | **അവൽ പ്രസാദം** | 10,000 | 25,000/– | |
| 8 | **മോദകം** | 10,000 | 25,000/– | |
| 9 | **ഉച്ചഭാഷിണി** | 50,000 | 1,00,000/– | |

| | |
|---|---|
| **ടെന്റർ സമർപ്പിക്കേണ്ട അവസാന തീയതി** | 09/06/2025 , പകൽ 11 മണി |
| **ടെന്റർ തുറന്ന് പരിശോധിക്കുന്ന തീയതി** | 10/06/2025 , പകൽ 11 മണി മുതൽ |

(ഒപ്പ് )

ROC 40/25/SAB

ദേവസ്വം കമ്മീഷണർ
തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി